പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1508

30.01.2018-ൽ മറുപടിക്ക്

## ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് എത്ര രൂപയാണ് മത്സ്യബന്ധന തുറമുഖ വകുപ്പ് നഷ്ടപരിഹാരമായി നൽകുന്നത്; | (എ) | ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 10 ലക്ഷം രൂപയും (4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും), മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5 ലക്ഷം രൂപയും, ബദൽ ജീവനോപാധിക്കായി ഫിഷറീസ് വകുപ്പിൽ നിന്നും 5 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. |
| (ബി) | നഷ്ടപരിഹാര തുക എത്ര പേർക്ക് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | മരണപ്പെട്ട 25 പേർക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകി കഴിഞ്ഞു. ബാക്കിയുള്ളവർക്കുള്ള ധനസഹായം ഫെബ്രുവരി 1- ാം തീയതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ